# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 616

09.07.2014 ൽ മറുപടിയ്ക്ക്

## കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ഡോ. എൻ.ജയരാജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്ജ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന-ജില്ലാ-പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്ന് കാർഷിക വായ്പ എടുത്തവരും കൃഷി നാശത്തെ തുടർന്ന് തിരിച്ചടവ് മുടങ്ങിയവരുമായ കർഷകരെ സാമ്പത്തികമായി സഹായിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) പ്രത്യേക പദ്ധതികൾ നിലവിൽ ഇല്ല. |
| (ബി) ഇപ്രകാരം സഹകരണ ബാങ്കിൽ നിന്ന് വായ്പയെടുത്തവരും മരണം സംഭവിച്ചതുമൂലം തിരിച്ചടവ് മുടങ്ങിയവരുമായ കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും കാർഷിക കാർഷികേതര ആവശ്യങ്ങൾക്ക് വായ്പയെടുത്ത് മരണപ്പെടുന്നവരുടെ കുടുംബത്തിന് ആശ്വാസം പകരുന്നതിനായി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 01.04.2008 മുതൽ നിലവിലുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായ വായ്പക്കാരൻ മരണപ്പെടുകയാണെങ്കിൽ പദ്ധതി നിബന്ധനകൾക്ക് വിധേയമായി അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒരു നിശ്ചിത പരിധിവരെയുള്ള (ഇപ്പോൾ ഒന്നര ലക്ഷം രൂപ) മുതലും അതിന്റെ പലിശയും വായ്പ ബാധ്യതയിൽ നിന്നും |

ഒഴിവാക്കുന്നു. കൂടാതെ മരണപ്പെട്ടവർ ഉൾപ്പെടെയുള്ള കർഷകരുടെ കടങ്ങൾക്ക് കേരള കർഷക കടാശ്വാസ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും കടാശ്വാസം അനുവദിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ